**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4276** **09-08-2021 - ൽ മറുപടിയ്ക്ക്**

**സീതാംഗോളി ഐ.ടി.ഐ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളി ഐ.ടി.ഐ-യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഐ.ടി.ഐ-യിൽ പുതിയ കോഴ്സുകൾ ഈ വർഷം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | സീതാംഗോളി ഐ.ടി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ രണ്ട് ട്രേഡുകൾ ആണ് നിലവിലുള്ളത്. ടി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ ഭൗതിക സാഹചര്യം നിലവിലില്ലാത്തതിനാൽ നടപ്പ് സാമ്പത്തിക വർഷം പുതിയ കോഴ്സുകൾ തുടങ്ങാൻ സാധിക്കുകയില്ല. |
| (ബി) | സീതാംഗോളി ഐ.ടി.ഐ-യിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ സൗകര്യങ്ങളുടെ കുറവാണ് ഇവിടെയുള്ളതെന്ന് വിശദമാക്കുമോ;ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സീതാംഗോളി ഐ.ടി.ഐ.യിൽ അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുണ്ട്. നിലവിലെ മെയിൻ ബിൽഡിംഗിലെ മൂന്ന് മുറികളിൽ ഓഫീസും വെൽഡർ ക്ലാസ്സ് റൂമും ഡ്രാഫ്റ്റ്സ്മാൻ സിവിൽ CAD ലാബുമാണുള്ളത്. CAD ലാബിൽ തന്നെയാണ് ഡ്രാഫ്റ്റ്സ്മാൻ സിവിൽ ക്ലാസ്സും നടക്കുന്നത്. രണ്ട് ട്രേഡിനും കൂടി ഒരു വർക്ക്ഷോപ്പ് ബിൽഡിംഗ് മാത്രമാണുള്ളത്. കൂടാതെ ഓഫീസ്, പ്രിൻസിപ്പാൾ റൂം, സ്റ്റോർ റൂം, ഐ.ടി.ലാബ് എന്നിവയൊന്നും നിലവിലെ കെട്ടിടത്തിൽ ഇല്ല. ടി അസൗകര്യങ്ങൾ പരിഹരിക്കുന്നതിലേക്കായി ആയവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കെട്ടിടത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട് . ആയത് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | സീതാംഗോളി ഐ.ടി.ഐ-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;ഇല്ലായെങ്കിൽ ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | സീതാംഗോളി ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട് . ഈ കെട്ടിട ത്തിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് 2.92 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വ്യാവസായിക പരിശീലന വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ശുപാർശ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ